"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്- മൈനിംഗ് & ജിയോളജി -2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ശ്രീ.രതീഷ് ചന്ദ്രൻ.കെ.വി, കല്ലംവള്ളി ഹൗസ്, സുവർണ്ണവല്ലി, പട്ടേന, പുത്തരിയടുക്കം പോസ്റ്റ്, നീലേശ്വരം, കാസറഗോഡ് സമർപ്പിച്ച അപ്പീൽ ഹർജി- തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ വകുപ്പ്**

G.O.(Rt)No.520/2026/ID തീയതി,തിരുവനന്തപുരം, 06-05-2026

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റിന്റെ 19/9/2024 ലെ 86/2024-25-DOKAS-DMG/794/2023-M നമ്പർ നടപടിക്രമം
2. ശ്രീ.രതീഷ് ചന്ദ്രൻ.കെ.വി, കല്ലംവള്ളി ഹൗസ്, സുവർണ്ണവല്ലി, പട്ടേന, പുത്തരിയടുക്കം പോസ്റ്റ്, നീലേശ്വരം, കാസറഗോഡ് സമർപ്പിച്ച 7/11/2024 ലെ അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 31/12/2025 ലെ ഡി.എംജി/790/2025-എം4 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിലെ മടിക്കൈ വില്ലേജിലെ റീസർവ്വെ 676/PT (TP No.4742) ൽ പ്പെട്ടതും ശ്രീ. രതീഷ് ചന്ദ്രൻ എന്നയാളുടെ കൈവശത്തിലുള്ളതുമായ സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്തതായി കണ്ടെത്തിയ 10,600 ക്യൂബിക് മീറ്റർ ചെങ്കല്ലിൽ നിന്നും കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം പാഴായിപ്പോയ ചെങ്കല്ലിന്റെ അളവ് കുറച്ച് ബാക്കി 7420 ക്യൂബിക് മീറ്റർ ചെങ്കല്ലിന്, ക്യൂബിക് മീറ്ററിന് 60/- രൂപ നിരക്കിൽ 4,45,200/- രൂപ റോയൽറ്റിയും, വിലയായി (റോയൽറ്റിയുടെ രണ്ട് മടങ്ങ്) 8,90,400/- രൂപയും അടക്കം ആകെ 13,35,600/- രൂപയിൽ നിന്നും നേരത്തെ അനധികൃത ഖനനത്തിന് ഈടാക്കിയ റോയൽറ്റി. വില എന്നീ ഇനത്തിലുള്ള തുകയായ 2,01,600- രൂപ കിഴിച്ച് ബാക്കി 11,34,000/-രൂപയും, കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 1,00,000/- രൂപയും ചേർത്ത് ആകെ 12,34,000/- (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തി നാലായിരം രൂപ മാത്രം) സർക്കാരിലേക്ക് ഒടുക്കുന്നതിനും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വികരിക്കുമെന്നും പ്രതിവർഷം 12% എന്ന നിരക്കിൽ പിഴ പലിശ കൂടി ഒടുക്കേണ്ടതായി വരുമെന്നും അറിയിച്ച് പരാമർശം (1) പ്രകാരം കാസർഗോഡ് ജിയോളജിസ്റ്റ് പുറപ്പെടുവിച്ച നടപടിക്രമത്തിനെ തിരെയാണ് പരാമർശം (2) പ്രകാരം ശ്രീ. രജീഷ് ചന്ദ്രൻ അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിലെ അപ്പീൽ അധികാരിയായ അഡീഷണൽ സെക്രട്ടറി ഹർജിക്കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 23/4/2026 ൽ നേരിൽ കേട്ടു.

2. ഹിയറിംഗ് വേളയിൽ നടപടിക്രമത്തിൽ പരാമർശിക്കുന്ന ഹോസ്ദുർഗ് താലൂക്കിലെ മടിക്കൈ വില്ലേജിൽ R.S No 676 എന്ന സ്ഥലത്തുനിന്നും അനധികൃത ഖനനം

നടത്തിയിട്ടില്ലായെന്നും, പിഴ ചുമത്തിയതിൽ റോയൽറ്റി അടവാക്കിയിട്ടുള്ളതാണെന്നും വില്ലേജിൽ നിന്നും, ജിയോളജിയിൽ നിന്നും നടത്തിയ അളവുകൾ കൃത്യമല്ലായെന്നും ആയതിനാൽ നേരിൽ പ്രസതുത നടപടിക്രമം സ്റ്റേ ചെയ്യണമെന്നും ഹർജിക്കക്ഷി ആവശ്യപ്പെട്ടു.

3. കാസറഗോഡ് ജില്ലയിലെ ഹൊസ്ദുർഗ്ഗ് താലൂക്കിലെ മടിക്കൈ വില്ലേജിലെ റീ സർവ്വേ നമ്പർ 676/pt (TP No.4742) ൽപ്പെട്ടതും ശ്രീ രതീഷ് ചന്ദ്രൻ S/o പി.വി.നാരായണൻ, കല്ലംവള്ളി ഹൗസ്, സുവർണ്ണവല്ലി, പട്ടേന, പുത്തരിയടുക്കം പി.ഒ. നീലേശ്വരം, കാസറഗോഡ് ജില്ല എന്നവരുടെ കൈവശാവകാശത്തിലുള്ളതുമായ സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ചെയ്ത് നീക്കം ചെയ്തിട്ടുണ്ടെന്ന് മടിക്കൈ വില്ലേജ് ആഫീസർ സബ് കളക്ടർ കാഞ്ഞങ്ങാടിനെ അറിയിച്ചതിനെ തുടർന്ന് സബ് കളക്ടർ, കാഞ്ഞങ്ങാട് ടി വിവരം ജില്ല കളക്ടർക്ക് റിപ്പോർട്ട് ചെയ്തതിൻ പ്രകാരം അനധികൃത ഖനനത്തിന് സ്ഥലമുടമയ്ക്കെതിരെ തുടർനടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ച് കാസർഗോഡ് ജിയോളജിസ്റ്റിന് അയച്ചുകൊടുത്തതിൽ മടിക്കൈ വില്ലേജ് ആഫീസർ എഴുതി തയ്യാറാക്കിയ മഹസ്സർ, ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്ത സ്ഥലം മാർക്ക് ചെയ്ത സ്കെച്ച് എന്നിവയും ഉള്ളടക്കം ചെയ്തിരുന്നു. തുടർന്ന്, മേൽ സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തതിൽ കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിന് സ്ഥലമുടമയായ ശ്രീ.രതീഷ് ചന്ദ്രൻ എന്നവർക്ക് ജില്ലാ ആഫീസിൽ നിന്നും 20.12.2021 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയതിൽ സമർപ്പിച്ച മറുപടിയിൽ ടി സ്ഥലത്തുനിന്നും ഇതിനുമുമ്പ് ചെങ്കല്ല് ഖനനം നടത്തിയതിന് 2,11,600/- രൂപ പിഴ ഒടുക്കിയതാണെന്നും മറ്റു നിയമനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അറിയിച്ചിരുന്നു. തുടർന്ന് 27.01.2023 തീയതിയിൽ ജില്ലാ ആഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ ടി സ്ഥലത്തുനിന്നും 10,600 ക്യൂബിക് മീറ്റർ ചെങ്കല്ല് അനധികൃതമായി ഖനനം ചെയ്തതായി ബോധ്യപ്പെട്ടിരുന്നു. മേൽ സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തതിന് കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിന് സ്ഥലമുടമയായ ശ്രീ രതീഷ് ചന്ദ്രൻ എന്നവർക്ക് ജില്ലാ ആഫീസിൽ നിന്നും 11.04.2024 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് 29.04.2024 തീയതിയിൽ സമർപ്പിച്ച മറുപടിയിൽ ടി സ്ഥലത്തുനിന്നും ഇതിനുമുമ്പ് ചെങ്കല്ല് ഖനനം നടത്തിയതിന് 2,11,600/- രൂപ പിഴ ഒടുക്കിയതാണെന്നും മറ്റു നിയമനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അറിയിച്ചിരുന്നു. ടി മറുപടി തുക ഒഴിവാക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ സ്ഥല പരിശോധനയിൽ മേപ്പടി സ്ഥലത്തുനിന്നും അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തതായി കണ്ടെത്തിയ 10600 ക്യൂബിക് മീറ്റർ ചെങ്കല്ലിൽ നിന്നും പാഴായിപ്പോയ ചെങ്കല്ലിന്റെ അളവ് 30% കുറച്ച് ബാക്കി 7420 ക്യൂബിക് മീറ്റർ ചെങ്കല്ലിന് ക്യൂബിക് മീറ്ററിന് 60/- രൂപ നിരക്കിൽ 4,45,200/- രൂപ റോയൽറ്റിയും, വിലയിനത്തിൽ 8,90,400/- രൂപ (റോയൽറ്റിയുടെ 2 മടങ്ങ്)യും ഉൾപ്പെടെ 13,35,600/- രൂപ ഈടാക്കാനുള്ളതിൽ നേരത്തേ ഈടാക്കിയ റോയൽറ്റി, വില ഇനത്തിലുള്ള തുകയായ 2,01,600/-രൂപ കിഴിച്ച് ബാക്കി 11,34,000 രൂപയും കോംമ്പൗണ്ടിംങ് ഫീ ഇനത്തിൽ 1,00,000/- രൂപയും കൂടി ആകെ 12,34,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തി നാലായിരം രൂപ മാത്രം) സർക്കാരിലേക്ക് ഈടാക്കുന്നതിന് 29.05.2024 തീയതിയിൽ രജിസ്റ്റേർഡ് ഡിമാൻ്റ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന് അപ്പലൻറ്റ് 01.07.2024 തീയതിയിൽ സമർപ്പിച്ച മറുപടിയിൽ ടി സ്ഥലത്ത് നേരത്തെ 2,11,600/- രൂപ പിഴ ഒടുക്കിയിട്ടുള്ളതാണെന്ന് അറിയിച്ചിരുന്നു. തുടർന്നും തുക ഒടുക്കാത്തതിനാൽ 19.09.2024 തീയതിയിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാ ജിയോളജിസ്റ്റ് നടപടി ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട് ടി ഉത്തരവിൽ നേരത്തെ ഈടാക്കിയ റോയൽറ്റി, വില എന്നിവ കിഴിച്ചിട്ടാണ് ഡിമാൻറ് നോട്ടീസ് നൽകിയിരുന്നതെന്ന് അറിയിച്ചിരുന്നു. റവന്യൂ റിക്കവറി ഉത്തരവിൽ പറഞ്ഞ നിശ്ചിത സമയ പരിധിക്കകം മേപ്പടി തുക സർക്കാരിലേക്ക് ഒടുക്കാത്തതിനെ തുടർന്ന് 04.10.2024 തീയതിയിൽ RRC No. 2024/5032/14 പ്രകാരം റവന്യൂ റിക്കവറി റിക്വിസിഷൻ ജില്ലാ കളക്ടർ മുൻപാകെ ഫയൽ ചെയ്തിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ അപ്പീൽ ഹർജി നിരസിച്ച് ഡിമാൻഡ് തുക ഈടാക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്ന് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

4. ഹർജിവിഷയം അപ്പീൽ അധികാരി വിശദമായി പരിശോധിച്ചുകാസറഗോഡ് ജില്ലയിലെ ഹൊസ്ദുർഗ്ഗ് താലൂക്കിലെ മടിക്കൈ വില്ലേജിലെ റീ സർവ്വേ നമ്പർ 676/pt (TP No.4742) ൽപ്പെട്ടതും ശ്രീ രതീഷ് ചന്ദ്രൻ S/o പി.വി.നാരായണൻ, കല്ലംവള്ളി ഹൗസ്, സുവർണ്ണവല്ലി, പട്ടേന, പുത്തരിയടുക്കം പി.ഒ. നീലേശ്വരം, കാസറഗോഡ് ജില്ല എന്നവരുടെ കൈവശാവകാശത്തിലുള്ള സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ചെയ്ത് നീക്കം ചെയ്തിട്ടുണ്ടെന്ന് മടിക്കൈ വില്ലേജ് ആഫീസർ എഴുതി തയ്യാറാക്കിയ മഹസ്സർ, ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്ത സ്ഥലം മാർക്ക് ചെയ്ത സ്കെച്ച് എന്നിവ സഹിതം ജില്ല കളക്ടർ അനധികൃത ഖനനത്തിന് സ്ഥലമുടമയ്ക്കെതിരെ തുടർനടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ച് കാസർഗോഡ് ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയതിനെ തുടർന്ന് 27.01.2023 തീയതിയിൽ ജില്ലാ ആഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ ടി സ്ഥലത്തുനിന്നും 10,600 ക്യൂബിക് മീറ്റർ ചെങ്കല്ല് അനധികൃതമായി ഖനനം ചെയ്തതായി ബോധ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് 11.04.2024 തീയതിയിൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് 29.04.2024 തീയതിയിൽ സമർപ്പിച്ച മറുപടിയിൽ ടി സ്ഥലത്തുനിന്നും ഇതിനുമുമ്പ് ചെങ്കല്ല് ഖനനം നടത്തിയതിന് 2,11,600/- രൂപ പിഴ ഒടുക്കിയതാണെന്നും മറ്റു നിയമനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അറിയിച്ചിരുന്നു. സ്ഥല പരിശോധനയിൽ മേപ്പടി സ്ഥലത്തുനിന്നും അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തതായി കണ്ടെത്തിയ 10600 ക്യൂബിക് മീറ്റർ ചെങ്കല്ലിൽ നിന്നും പാഴായിപ്പോയ ചെങ്കല്ലിന്റെ അളവ് 30% കുറച്ച് ബാക്കി 7420 ക്യൂബിക് മീറ്റർ ചെങ്കല്ലിന് ക്യൂബിക് മീറ്ററിന് 60/- രൂപ നിരക്കിൽ 4,45,200/- രൂപ റോയൽറ്റിയും, വിലയിനത്തിൽ 8,90,400/- രൂപ (റോയൽറ്റിയുടെ 2 മടങ്ങ്)യും ഉൾപ്പെടെ 13,35,600/- രൂപ ഈടാക്കാനുള്ളതിൽ നേരത്തേ ഈടാക്കിയ റോയൽറ്റി, വില ഇനത്തിലുള്ള തുകയായ 2,01,600/-രൂപ കിഴിച്ച് ബാക്കി 11,34,000 രൂപയും കോംമ്പൗണ്ടിംങ് ഫീ ഇനത്തിൽ 1,00,000/- രൂപയും കൂടി ആകെ 12,34,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തി നാലായിരം രൂപ മാത്രം) സർക്കാരിലേക്ക് ഈടാക്കുന്നതിനാണ് 29.05.2024 തീയതിയിൽ ഡിമാൻ്റ് നോട്ടീസ് നൽകിയിട്ടുള്ളത്.ജില്ലാ കളക്ടറുടെ നിർദ്ദേശത്തെ തുടർന്ന് ജില്ലാ ഓഫീസിൽ നിന്നും നടത്തിയ പരിശോധന പ്രകാരം അനധികൃത ഖനനം നടത്തിയതായി ബോദ്ധ്യപ്പെടുകയും അനധികൃത ഖനനത്തിനെറ അളവ് തിട്ടപ്പെടുത്തുകയും അതിൽ നിന്നും പാഴായിപ്പോയ ചെങ്കല്ലിന്റെ അളവ് 30% കുറച്ച് അനധികൃത ഖനനത്തിന് നേരത്തേ ഈടാക്കിയ പെനാൽറ്റി തുകയായ 2,01,600/- രൂപയും കിഴിച്ചാണ് 29.05.2024 തീയതിയിൽ ഡിമാൻ്റ് നോട്ടീസ് നൽകിയിട്ടുള്ളതെന്ന് കാണുന്നു.ഈ വസ്തുതകളിൽ നിന്നും അപ്പീൽ കക്ഷിയുടെ വാദങ്ങളിൽ കഴമ്പില്ല. അതിനാൽ കെ.എം.എം സി.ചട്ടം 108(2) പ്രകാരം പെനാൽറ്റി ഒടുക്കുവാൻ കക്ഷി ബാദ്ധ്യസ്ഥനാണ്.ടി സാഹചര്യത്തിൽ കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റ് പരാമർശം ഒന്ന് പ്രകാരം നൽകിയ ഡിമാന്റ് നോട്ടീസ് നിലനിർത്തിക്കൊണ്ടും അതിൻപ്രകാരം തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റിന് നിർദേശം നൽകിക്കൊണ്ടും ശ്രീ.രതീഷ്

ചന്ദ്രൻ.കെ.വി, കല്ലംവള്ളി ഹൗസ്, സുവർണ്ണവല്ലി, പട്ടേന, പുത്തരിയടുക്കം പോസ്റ്റ്, നീലേശ്വരം, കാസറഗോഡ് സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
B AJITHA
ADDITIONAL SECRETARY

ശ്രീ.രതീഷ് ചന്ദ്രൻ.കെ.വി, കല്ലംവള്ളി ഹൗസ്, സുവർണ്ണവല്ലി, പട്ടേന, പുത്തരിയടുക്കം പോസ്റ്റ്, നീലേശ്വരം, കാസറഗോഡ് 671531

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി , തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്, കാസർഗോഡ്

വിവരം പൊതുജന സമ്പർക്ക് (വെബ് & ന്യൂമീഡിയ ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ4/335/2024-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
Date: 08-05-2026 09:50:16

സെക്ഷൻ ഓഫീസർ